# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 931**      **30.01.2019 ലെ മറുപടി**

## ഓഖി ദുരന്തത്തിൽ തകർന്ന കടൽഭിത്തി പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ് :** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) എറണാകുളം ജില്ലയിലെ ചെല്ലാനം പഞ്ചായത്തിൽ ഓഖി ദുരന്തത്തിൽ തകർന്ന കടൽഭിത്തി . പുനരുദ്ധരിക്കുന്നതിനായുള്ള 16.01.2018-ലെ സർക്കാർ ഉത്തരവ് നമ്പർ 29/2018/ജ.വി.വ പ്രകാരം അനുവദിച്ച 8 കോടി രൂപയുടെ നിർമ്മാണപ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;<br><br>(ബി) പ്രസ്തുത കടൽഭിത്തിയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (എ) യും (ബി) യും: ആകെ 5 പ്രവൃത്തികളിൽ ഒരു പ്രവൃത്തിക്ക് 03.04.2018 ന് ചീഫ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകി, ടെണ്ടർ നടപടികൾക്ക് അംഗീകാരം നൽകുകയും, സെലക്ഷൻ നോട്ടീസ് അയയ്ക്കുകയും ചെയ്തു. തുടർന്ന് 16.07.2018 -)0 തീയതിയിൽ ഉടമ്പടി വച്ച് 24.07.2018 ന് പ്രവൃത്തിക്കായി സ്ഥലം കരാറുകാരന് കൈമാറിയിട്ടുള്ളതുമാകുന്നു.<br><br>മറ്റ് നാല് പ്രവൃത്തികൾക്ക് 22.04.2018 ന് സാങ്കേതികാനുമതി നൽകുകയും 10.09.2018 ന് പ്രവൃത്തിക്കായി സ്ഥലം കരാറുകാരന് കൈമാറിയിട്ടുള്ളതുമാണ്. ജിയോ ടെക്സ്റ്റയിൽ ട്യൂബ് ഉപയോഗിച്ച് ജില്ലയിൽ ആദ്യമായാണ് സംരക്ഷണഭിത്തി നിർമ്മിക്കുന്നത് .ആകയാൽ ടി മെറ്റീരിയൽസിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള ലാബുകൾ ഇല്ലാത്തതിനാൽ അഹമ്മദാബാദിലും ഡൽഹിയിലുമാണ് ഇതിന്റെ ഗുണനിലവാര പരിശോധനകൾ നടത്തിയത്. ടി പരിശോധനാഫലം 22.01.2019-ൽ മാത്ര മാണ് ലഭ്യമായത്. ടി പരിശോധനാഫലം ലഭ്യമാകാനുണ്ടായ കാലതാമസം മൂലം പ്രവൃത്തി ആരംഭിക്കുന്നതിലും കാലതാമസം നേരിട്ടു. പരിശോധനാഫലം ലഭിച്ച സാഹചര്യത്തിൽ മെറ്റീരിയൽ സൈറ്റിൽ ലഭ്യമാക്കി അടുത്ത കാലവർഷത്തിനു മുൻപായി ടി പ്രവൃത്തികൾ എല്ലാം തന്നെ പൂർത്തീകരിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**